THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO

PATRON: ARCH BISHOP RT. REV. DR. MATHEW MOOLAKATT
SPIRITUAL DIRECTOR : REV. FR. ABRAHAM MUTHOLATH

PRESIDENT : BINU POOTHURAIL
SECRETARY : JOHNYKKUTTY PILLAVEETTIL
NEWS EDITOR : CYRIL KATTAPPURAM

"ഉണരണം കെ.സി.എസ് നിറയണം മനസുകളിൽ"

VOL. 1 ISSUE 2
2017 MARCH

കെ.സി.എസ് ഫണ്ട് റെയ്സിംഗ് കിക്ക് ഓഫ് ഉജ്വല വിജയം

ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ധനശേഖരണാർത്ഥം മെയ് 13 - നു നടത്തുന്ന ദിലീപ് ഷോ 2017 എന്ന സൂപ്പർ മെഗാ ഷോയുടെ കിക്കോഫ് ജനുവരി 21നു കെ. സി. എസ്. കമ്മ്യൂണിറ്റി സെന്ററിൽവച്ചു നടത്തപ്പെട്ടു. ഏകദേശം ഒരു ലക്ഷത്തിൽപരം ഡോളറിന്റെ സ്പോൺസർഷിപ് അന്നേദിവസം വരെ ലഭിച്ചു. ഈ പ്രോഗ്രാമിന്റെ പ്ലാറ്റിനം സ്പോൺസറായ ഹോയിഡ് ബിൽഡേഴ്സിന്റെ ഉടമ വിക്ടർ ബിക്സ് 7500 ഡോളറിന്റെ ചെക്ക് ഫാ. ഏബ്രഹാം മുത്തോലത്തിന് നൽകിക്കൊണ്ട് കിക്കോഫ് കർമ്മം നിർവഹിച്ചു. തുടർന്നു 2500 ഡോളറിന്റെ ഗോൾഡൺ സ്പോൺസേഴ്സായി സിറിയക് & സിജു കൂവക്കാട്ടിൽ, സൻജു & സിന്ധു പുളിക്കത്തൊട്ടിയിൽ, ജോയി & മോളമ്മ നെടിയകാലായിൽ, ബി & കെ, ബിജു & ആൻ കരിക്കുളം, ബിനു & ജിഷ പൂത്തുറയിൽ എന്നിവർ മുന്നോട്ടുവരികയുണ്ടായി. ഏകദേശം 87 ൽപരം സുമനസ്സുകളിൽ നിന്നായി മറ്റ് സ്പോൺസർഷിപ്പുകൾ അന്നേദിവസം ലഭിക്കുകയുണ്ടായി.

B&K EQUIPMENT
Petroleum Industry Sales, Service, & Installation
2939 175th St. Lansing, IL 60348
708-474-3344
office@bkequip.com
www.bkequip.com

പ്ലാറ്റിനം സ്പോൺസർ: വിക്ടർ ബിക്സ്

ഗോൾഡൻ സ്പോൺസർ:
സിജു & സിറിയക് കൂവക്കാട്ടിൽ

ഗോൾഡൻ സ്പോൺസർ:
ജോയി&മോളമ്മ നെടിയകാലായിൽ

ഗോൾഡൻ സ്പോൺസർ: സൻജു & സിന്ധു പുളിക്കത്തൊട്ടിയിൽ

ഗോൾഡൻ സ്പോൺസർ: ബിനു & ജിഷ പൂത്തുറയിൽ

സ്പോൺസർമാർ



ഗോൾഡൻ സ്പോൺസർ:
ബിജു & ആൻ കരികുളം

EXECUTIVE BOARD

PRESIDENT
BINU POOTHURAIL
847-644-9869
VICE PRESIDENT
SAJU KANNAMPALLY
847-791-1824
SECRETARY
JOHNIKUTTY PILLAVEETTIL
847-924-3493
JOINT SECRETARY
DIBIN VILANGUKALLEL
224-565-5663
TRESURER
SHIBU MULAYANIKUNNEL
630-849-1253

LEGISLATIVE BOARD
Sajan Pachilamakil (Chairman)
Mathew Thattamattom (Vice Chairman)

FINANCE COMMITTEE
Baiju Kunnel (Chairman)
Thomas Poothakary
Gino Kakkattil
Saji Thekkumkattil

OUTDOOR COMMITTE
Jojo Alappat (Chairman)
Tomy Edathil
Kunjumon Thathamkulam
Monachen Pullazhiyil
Unny Thevarmattathil
Pradeep Muringothu

ENTERTAINMENT COMMITTEE
Joby Oliyil (Chairman)
Saji Malithuruthel
Denny Pullapally

NEWS LETTER
Cyril Kattapuram (Chairman)
Jimmy Kaniyaly
Mathew Edukutharayil

MEMBERSHIP
Dileep Madhavapallil (Chairman)
Jojo Edakara
Tibu Mailadumparayil

PILGRIMAGE
Alex Mullapallil (Chairman)
Sanju Pulickathottiyil
Maju Ottapally

LAISON BOARD
Jose Simon Mundaplackal (Chairman)
Polson Kulangara (Vice Chairman)
Chacko Mattathiparambil
Jomon Thodukayil

BUILDING BOARD
Peter Kulangara
Jose Manakatt

NATIONAL COUNCIL MEMBERS
Meyamma Vettikattu (Women Rep)
Abin Kulathikarottu (Youth Rep)
Jaimon Nanthikattu
Binu Kaithakkathottiyil
Thomas Manthuruthil
Joy Nellamattom
Thomas Appozhiparambil

AUDITOR
Kurian Thottichirayil, CPA

President's message



ഏറ്റവും സ്നേഹം നിറഞ്ഞ എന്റെ ക്നാനായ മാതാപിതാക്കളേ സഹോദരി സഹോദരന്മാരേ,

പുതിയ ഭരണസമിതി അധികാരത്തിലേറിയ അന്നുമുതൽ ഞങ്ങൾക്ക് ചിക്കാഗോയിലെ നല്ലവരായ എല്ലാ സമുദായാംഗങ്ങളിൽ നിന്നും ലഭിക്കുന്ന അസൂയാവഹമായ സഹകരണത്തിനും നിർദ്ദേശങ്ങൾക്കും നിങ്ങളോരോരുത്തരോടുമുള്ള നന്ദി ആദ്യമായി അറിയിച്ചുകൊള്ളട്ടെ

ഈ ഭരണസമിതിയുടെ പ്രവർത്തന ഉദ്ഘാടനത്തിനും പിന്നീട് നടന്ന കെ.സി.സി.എൻ. എ ഇലക്ഷൻ സംവാദത്തിലും ഡിസ്പ്ലെയിൻസിലുള്ള ബിൽഡിംങ്ങ് കാണുവാനും എല്ലാം ആത്മാർത്ഥമായിസാന്നിദ്ധ്യം അറിയിച്ചത്, ചിക്കാഗോയിലെ ക്നാനായ മക്കളുടെ മനസ്സിൽ കെ. സി.എസ് നെ ഇന്നും പാവനമായി കാത്തുസൂക്ഷിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്.

കമ്മ്യൂണിറ്റി സെന്ററിൽ വച്ചു നടന്ന കെ. സി. സി. എൻ. എ മത്സരാർത്ഥികളുടെ സംവാദത്തിൽ ചിക്കാഗോയിലെ ക്നാനായ സമുദായാംഗങ്ങളുടെ വികാരമായ സഭയോടും സഭാധികാരികളോടും പകയതയുടേയും സഹവർത്തിത്വത്തിന്റെയും മാർഗ്ഗം സ്വീകരിച്ച് ക്നാനായ സമൂഹത്തിന്റെ ചിരകാല അഭിലാഷമായ എൻഡോഗമിൽ അണുവിട വ്യതിചലിക്കാതെ കോട്ടയത്തെപോലെ തന്നെയുള്ള സഭാസംവിധാനം വടക്കേ അമേരിക്കയിലും അതുവഴി ലോകം മുഴുവനും വരുവാനുള്ള നമ്മുടെ ആഗ്രഹവും അതിനായുള്ള ഏതു പരിശ്രമത്തിലും ചിക്കാഗോയിലെ ക്നാനായ മക്കളുടെ സഹകരണവും സജീവ പിന്തുണയും കെ. സി. സി. എൻ. എയിലേക്ക് മത്സരിക്കുന്ന മുഴുവൻ സാഥാനാർത്ഥികളേയും അറിയിക്കുകയുണ്ടായി. സഹവർത്തിത്വത്തിലൂടെയും പരസ്പരസഹകരണത്തിലൂടെയും ഒറ്റക്കെട്ടായി മുന്നേറി നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ പുതുതായി വരുന്ന കെ. സി. സി. എൻ എ ഭാരവാഹികൾക്ക് സാധിക്കട്ടെ എന്ന് ഈ അവസരത്തിൽ ആശംസിക്കുന്നു.

പുതിയ ഒരു കമ്മ്യൂണിറ്റി സെന്റർ നോർത്തു സൈഡിൽ വാങ്ങിക്കുക എന്നത് ചിക്കാഗോയിലെ എല്ലാ ക്നാനായക്കാരുടേയും ആഗ്രഹമാണ്. അതിനുവേണ്ടി പുതിയ സേർച്ചിംങ്ങ് കമ്മറ്റിയും ബിൽഡിംങ്ങ് ബോർഡും കെ. സി. എസ് എക്സിക്യൂട്ടീവിനോട് ചേർന്ന് ആത്മാർത്ഥമായി പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ സമുദായത്തെ എന്നും കാത്ത് പരിപാലിച്ച സർവ്വശക്തനായ ദൈവം നമ്മുടെ ഈ ആഗ്രഹവും സാധിച്ച് തരും എന്ന് എനിക്ക് ഉറപ്പുണ്ട്. ഈ ഉദ്ദേശത്തോടനുബന്ധിച്ച് മെയ്മാസത്തിൽ വച്ചു നടത്തുന്ന ഫണ്ട് റെയ്സിംങ്ങ് പ്രാഗ്രാമായ ദിലീപ് ഷോയിൽ സ്പോൺസർമാരായി മുന്നോട്ട് വന്ന എല്ലാവരേയും ഈ ഭരണസമിതിയുടെ നന്ദി അറിയിക്കുന്നതിനോടൊപ്പം ഇനിയും സാധിക്കുന്ന ഏവരും ഈ പ്രോഗ്രാമിന്റെ സ്പോൺസർമാരായി വന്ന് ഈ പരിപാടിയിലൂടെ നമ്മൾ ഉദ്ദേശിക്കുന്ന ഫണ്ട് ശേഖരണം ഒരു വൻവിജയമാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

പുതിയ കമ്മ്യൂണിറ്റി സെന്ററിനെക്കുറിച്ചുള്ള ചർച്ചകൾക്കും ഹോഫ്മാൻ എസ്റ്റേറ്റിലെ പ്രോപെർട്ടി എങ്ങിനെ ഗുണപരമായി വിനിയോഗിക്കാമെന്നും ചർച്ച ചെയ്യുന്നതിനായി മാർച്ച് 19 ഞായറാഴ്ച കമ്മ്യൂണിറ്റി സെന്ററിൽ നടക്കുന്ന വിശേഷാൽ സോഷ്യൽ ബോഡിയിൽ നിങ്ങളേവരും പങ്കെടുത്തു നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കെ. സി. എസ് ന്റെ പോഷകസംഘടനകളായ കെ. സി. വൈ. എൽ, യുവജനവേദി, വുമൺസ് ഫോറം തുടങ്ങിയവയുടെ വിവിധ പ്രോഗ്രാമുകൾ ഇതിനോടകം ശ്രദ്ധ പിടിച്ചു പറ്റി മുന്നേറുന്നു എന്നത് സന്തോഷകരവും ഒരു സമൂഹം എന്ന നിലയിൽ നമുക്ക് അഭിമാനവുമാണ്.

നമ്മുടെ കെ. സി. എസ് പിക്നിക്, ഒളിമ്പിക്സ് ക്യാമ്പയിംങ്ങ് തുടങ്ങിയ എല്ലാ പരിപാടികളിലും പങ്കെടുക്കുവാൻ നിങ്ങളുടെ ജോലിയിലും മറ്റും ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി തന്നെ തയ്യാറാക്കി നമ്മുടെ മുഴുവൻ പരിപാടികളിലും നിങ്ങളേവരുടേയും സജീവമായ സാന്നിദ്ധ്യസഹകരണങ്ങൾ ഉണ്ടാകണമെന്നും ആഗ്രഹിച്ചുകൊണ്ട് നിറുത്തട്ടെ.

ഒത്തിരി സ്നേഹത്തോടെ
നിങ്ങളുടെ സ്വന്തം പ്രസിഡന്റ്
ബിനു പൂത്തുറയിൽ

കെ.സി.സി.എൻ.എ നേർക്കുനേർ സംവാദം: ചിക്കാഗോയിൽ ഒപ്പത്തിനൊപ്പം

ചിക്കാഗോ: ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 12 -ാം തീയതി ഞായറാഴ്ച കെ. സി. എസ് കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ട ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ നേതൃത്വത്തിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ നേർക്കുനേർ സംവാദം ഇരുപാനലുകളും ഒപ്പത്തിനൊപ്പം നിലകൊണ്ടു. വൈകുന്നേരം 7.30ന് ആരംഭിച്ച സംവാദം കെ. സി. എസ്. പ്രസിഡന്റ് ബിനു പൂത്തുറ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. ജെയിംസ് ഇല്ലിക്കൽ നേതൃത്വം നൽകിയ പാനലിൽ മേയമ്മ വെട്ടിക്കാട്ട്, ജയിസൺ ഓളിയിൽ, ജയ്ക്ക് പോളപ്ര, ഷിജോ പഴയംപള്ളി എന്നിവരും ബേബി മണക്കുന്നേൽ നേതൃത്വം നൽകിയ പാനലിൽ സൈമൺ ഇല്ലിക്കാട്ടിൽ, എബ്രഹാം പുതിയടത്ത്ശ്ശേരി, രാജൻ പടവത്തിൽ, അനിൽ മറ്റപ്പള്ളിക്കുന്നേൽ എന്നിവരും പങ്കെടുത്തു. സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും മാറിമാറി ചോദിച്ച ചോദ്യങ്ങൾക്ക് ഇരു പാനലുകളും വളരെ ശക്തിയായി പ്രതികരിച്ചു.

ഓരോ സ്ഥാനാർത്ഥികളും തങ്ങളുടെ സ്ഥാനത്തെക്കുറിച്ച് അത്ഭുതാവഹമായ രീതിയിൽ പ്രസംഗിക്കുകയും അതിലൂടെ നേർക്കുനേർ പരിപാടി വീക്ഷിക്കാനെത്തിയ ചിക്കാഗോയിലെ മുഴുവൻ ആളുകളുടേയും ശ്രദ്ധ പിടിച്ചുപറ്റി. അവസാനമായി ഇരു പ്രസിഡന്റ് സ്ഥാനാർത്ഥികളും തങ്ങളുടെ പാനലിനു വേണ്ടി വോട്ട് ചോദിക്കുകയും വളരെ മനോഹരമായി നേർക്കുനേർ പരിപാടി സംഘടിപ്പിച്ച ചിക്കാഗോ കെ. സി. എസിന് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. കെ. സി. എസ് വൈസ് പ്രസിഡന്റ് സാജു കണ്ണംപിള്ളിയും, സെക്രട്ടറി ജോണിക്കുട്ടി പിള്ളവീട്ടിലും ഈ പരിപാടിയുടെ മോഡറേറ്റേഴ്സ് ആയിരുന്നു. ട്രഷറർ ഷിബു മുളയാനിക്കുന്നേൽ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുകയും ജോയിന്റ് സെക്രട്ടറി ഡിബിൻ വിളങ്ങുകല്ലേൽ സജികരണങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. 300 ൽ പരം ആളുകൾ പങ്കെടുത്ത പരിപാടി വൈകിട്ട് 10 മണിക്ക് സ്നേഹവിരുന്നോടെ സമാപിച്ചു.

KCJL CO-ORDINATORS

Tosmy Kaithakkathottyil

Jijo Poothurayil

Binu Edakarayil

Roshini Thodukayil

NEWLY ELECTED BUILDING BOARD MEMBERS

Peter Kulangara

Jose Manakatt

UPCOMING EVENTS

MARCH 4 (SATURDAY)	KCCNA ELECTION AT PHILADELPHIA
MARCH 19 (SUNDAY)	KCS SPECIAL SOCIAL BODY MEETING 7 PM
APRIL 22 (SATURDAY)	KCS LEADRES MEET 10 AM
MAY 13 (SATURDAY)	KCS FUNDRAISING PROGRAM- DILEEP SHOW 2017
JUNE 3 (SATURDAY)	KCS PICNIC, ST. PAUL WOODS
JULY 8 (SATURDAY)	KCS OLYMPICS, ST. PAUL WOODS
AUGUST 18, 19, 20	KCS CAMPING, INDIANA BEACH
AUGUST 26 (SATURDAY)	KCS ONAM, COMMUNITY CENTER

കെ.സി.എസിന്റെ ജീവകാരുണ്യ പ്രവർത്തങ്ങൾക്ക് തുടക്കം കുറിച്ചു

ചിക്കാഗോ കെ.സി.എസിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായ ഡോളർ ഫോർ ക്നാനായ എന്ന പദ്ധതിക്കു തുടക്കം കുറിച്ചു. ജനുവരി 21-ാം തീയതി നടന്ന കെ.സി.എസിന്റെ പ്രവർത്തനോദ്ഘാടന വേദിയിൽ ഡോളർ ഫോർ ക്നാനായ എന്ന പദ്ധതിയുടെ കോർഡിനേറ്ററായ കെ.സി.എസ് മുൻ പ്രസിഡന്റ് ജോസ് കണിയാലി, ജോസ് ആൻഡ് മേരി പിണർക്കയിൽ നിന്നും ആദ്യ സംഭാവന സ്വീകരിച്ചു കൊണ്ട് ഈ പദ്ധതി ഉദ്ഘാടനം ചെയ്തു. ക്നാനായ സമൂഹത്തിൽ സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് സഹായ ഹസ്തവുമായി എത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. നമ്മൾ കൊടുക്കുന്ന ഓരോ ഡോളറും അർഹതപ്പെട്ട കരങ്ങളിലെത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യമെന്ന് കോർഡിനേറ്റർ ജോസ് കണിയാലി അഭിപ്രായപ്പെട്ടു. കെ.സി.എസ് ഭാരവാഹികളായ ബിനു പൂത്തുറയിൽ, സാജു കണ്ണംമ്പള്ളി, ജോണിക്കുട്ടി പിള്ളവീട്ടിൽ, ഷിബു മുളയാനിക്കുന്നേൽ, ഡിബിൾ വിലങ്ങുകല്ലേൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

കെ.സി.എസ്. വിശേഷാൽ സോഷ്യൽ ബോഡി യോഗം മാർച്ച് 19 ന്

കെ.സി.എസ്. സോഷ്യൽബോഡി അംഗങ്ങളുടെ ഒരു വിശേഷാൽ യോഗം മാർച്ച് 19-ാം തീയതി ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽവെച്ച് പ്രസിഡന്റ് ബിനു പൂത്തുറയിലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. കെ.സി.എസിന്റെ ഉടമസ്ഥതയിലുള്ള ഹോഫ്മാൻ എസ്റ്റേറ്റ് സ്ഥലത്തിന്റെ ഇപ്പോഴത്തെ പ്രോപ്പർട്ടി വാല്യു അറിയുവാൻ വേണ്ടി റിയൽ എസ്റ്റേറ്റ് കമ്പിനിയിൽ ലിസ്റ്റ് ചെയ്യുവാനുള്ള അനുവാദം വാങ്ങുന്നതിനുള്ള യോഗമാണ് ഇത്.

സെക്രട്ടറി
ജോണിക്കുട്ടി പിള്ളവീട്ടിൽ

അജണ്ട

1. ഈശ്വരപ്രാർത്ഥന
2. അദ്ധ്യക്ഷപ്രസംഗം
3. ഹോഫ്മാൻ എസ്റ്റേറ്റ് പ്രോപ്പർട്ടി ലിസ്റ്റിംഗ് അപ്രൂവൽ
4. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ.

ക്നാനായ വിമൻസ് ഫോറം ഹോളിഡേ പാർട്ടി ശ്രദ്ധേയമായി

ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പോഷകസംഘടനയായ ക്നാനായ കാത്തലിക് വിമൻസ് ഫോറം ഓഫ് ചിക്കാഗോ സംഘടിപ്പിച്ച ഹോളിഡേ പാർട്ടി ശ്രദ്ധേയമായി. ലിഡോ ബാൻക്വറ്റ് ഹാളിൽ ചേർന്ന സമ്മേളനം വികാരി ജനറൽ മോൺ തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്തു. വിമൻസ് ഫോറം പ്രസിഡന്റ് ജിജി നെല്ലാമറ്റം അദ്ധ്യക്ഷത വഹിച്ചു. ജോയിന്റ് സെക്രട്ടറി ആൻ കരിക്കുളം, ട്രഷറർ ആൻസി കുപ്ലിക്കാട്ട് എന്നിവരായിരുന്നു. എം. സി. മാർ ആൻ വർഷ വിലങ്ങുകല്ലേൽ പ്രാർത്ഥനാ ഗാനം ആലപിച്ചു. വിമൻസ് ഫോറം 2015 - 2016 പ്രസിഡന്റ് പ്രതിഭാ തച്ചേട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയ പ്രസിഡന്റ് ജിജി നെല്ലാമറ്റം പുതിയ ബോർഡ് അംഗങ്ങളെ സദസ്സിന് പരിചയപ്പെടുത്തുകയും മോൺ തോമസ് മുളവനാൽ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. ചിക്കാഗോ കെ. സി. എസ് പ്രസിഡന്റ് ബിനു പൂത്തുറയിൽ, ക്നാനായ കാത്തലിക് വിമൻസ് ഫോറം നാഷണൽ പ്രസിഡന്റ് സ്മിത വെട്ടുപാറപ്പുറം എന്നിവർ ആശംസകൾ നേർന്നു. കെ.സി. എസ് വൈസ് പ്രസിഡന്റ് സാജു കണ്ണമ്പള്ളി, സെക്രട്ടറി ജോണിക്കുട്ടി പിള്ളവീട്ടിൽ, ജോയന്റ് സെക്രട്ടറി ഡിബിൻ വിലങ്ങുകല്ലേൽ, ട്രഷറർ ഷിബു മുളയാനിക്കുന്നേൽ എന്നിവരും സന്നിഹിതരായിരുന്നു. വൈസ് പ്രസിഡന്റ് അനി വാച്ചാച്ചിറ സ്വാഗതവും സെക്രട്ടറി ബിനി തെക്കനാട്ട് കൃതജ്ഞതയും പറഞ്ഞു.

വിഭവസമൃദ്ധമായ ബാൻക്വറ്റിനുശേഷം നടത്തിയ കലാപരിപാടികൾക്ക് കോർഡിനേറ്റർമാരായ ഡോ. ബെൻസി പടിഞ്ഞാത്ത്, റ്റനിയ പുത്തൻപറമ്പിൽ എന്നിവർ നേതൃത്വം നൽകി. പാർട്ടി ഡാൻസ് ഈ പ്രോഗ്രാമിന്റെ പ്രധാന ആകർഷണമായിരുന്നു. നിരാലംബരായ സ്ത്രീകളെ സഹായിക്കുന്നതിനു വേണ്ടി വിമൻസ് ഫോറം നടത്തുന്ന ചാരിറ്റി ഫണ്ട് റെയ്സിംഗ് പ്രോഗ്രാം തദവസരത്തിൽ ഉൽഘാടനം ചെയ്യപ്പെട്ടു. അസീസ് മെഡിക്കൽ സെന്റർ, ഡോ. സൂസൻഇടുക്കുത്തറ, ജോൺ കുപ്ലിക്കാട്ട്, ജിജി നെല്ലാമറ്റം എന്നിവർ ഗ്രാന്റ് സ്പോൺസർമാരായും ഡോ. മാത്യു ജോസഫ് തിരുനെല്ലി പറമ്പിൽ, ജെയ്ബു മാത്യു കുളങ്ങര, സിറിയക് കൂവക്കാട്ടിൽ, ബിജിലി റ്റാജു കണ്ടാരപ്പള്ളിൽ എന്നിവർ സ്പോൺസർമാരായും പ്രോഗ്രാമിന് പിന്തുണ നൽകി.

ചിക്കാഗോ കെ.സി.എസ്. പ്രവർത്തനോദ്ഘാടനം വർണാഭമായി

ചിക്കാഗോ ക്നാനായ കാത്തലിക്ക് സൊസൈറ്റിയുടെ 2017-18 പ്രവർത്തന കാലഘട്ടത്തിന്റെ ഉദ്ഘാടനം വർണാഭമായി. ജനുവരി 21-ാം തീയതി ശനിയാഴ്ച വൈകുന്നേരം ചിക്കാഗോ ക്നാനായ കാത്തലിക് കമ്മ്യൂണിറ്റി സെന്ററിൽ പ്രസിഡന്റ് ബിനു പൂത്തുറയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ക്നാനായ റീജിയൺ ഡയറക്ടർ മോൺ. തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്തു. സമുദായ ആചാര്യൻ ക്നായിതൊമ്മനെ സാക്ഷി നിറുത്തി ദൈവദാസൻ മാർ മാക്കിൽ പിതാവിന്റെയും, ചൂളപറമ്പിൽ പിതാവിന്റെയും, തറയിൽ പിതാവിന്റെയും മുന്നിൽ തെളിഞ്ഞു നിന്ന ഭദ്ര ദീപത്തിൽ നിന്നും കത്തിച്ച തിരിയുമായി കെ.സി.എസ്. മുൻ പ്രസിഡന്റ് ജോസ് കണിയാലി, പ്രസിഡന്റ് ബിനു പൂത്തുറക്ക് കൈമാറിയ ദീപം, മോൺ മുള്ളവനാൽ ഏവരെയും സാക്ഷി നിറുത്തി ഭദ്രദീപം കൊളുത്തി. കെ.സി.എസ്. വൈസ് പ്രസിഡന്റ് സാജു കണ്ണംമ്പള്ളി ഏവർക്കും സ്വാഗതം ആശംസിച്ചു. സ്പിരിച്ചുറൽ ഡയറക്ടർ ഫാ. ഏബ്രഹാം മുത്തോലത്ത്, കെ.സി.എസ്. മുൻ പ്രസിഡന്റ് ജോസ് കണിയാലി, ഫാ. ബോബൻ വട്ടംപുറം, വുമൺസ് ഫോറം വൈസ് പ്രസിഡന്റ് അനി വാച്ചാച്ചിറ, കെ.സി.വൈ.എൻ. പ്രസിഡന്റ് അലക്സ് മുത്തോലം, യുവജനവേദി പ്രസിഡന്റ് അജോമോൻ പൂത്തുറയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

ഉണരണം കെ.സി.എസ്. നിറയണം മനസുകളിൽ എന്ന ആപ്തവാക്യവുമായി പ്രവർത്തനം ആരംഭിക്കുന്ന ചുറുചുറുക്കുള്ള പുത്തൻ നേതൃത്വത്തിൽ ചിക്കാഗോ ക്നാനായ സമൂഹം വളരെയധികം പ്രതീക്ഷയിലാണെന്ന് ഉത്ഘാടന പ്രസംഗത്തിൽ മോൺ. തോമസ് മുളവനാൽ അഭിപ്രായപ്പെട്ടു. ജോബി ഓളിയിൽ, ഡെന്നി പുല്ലാപ്പള്ളി, സജി മാലീത്തുരുത്തേൽ എന്നിവരുടെ നേതൃത്വത്തിൽ നടന്ന കലാസന്ധ്യ അഞ്ഞൂറിൽ പരം ആളുകൾക്ക് ദൃശ്യ വിരുന്നൊരുക്കി. കെ.സി.എസ്. ട്രഷറർ ഷിബു മുളയാനിക്കുന്നേൽ സമ്മേളനത്തിൽ നന്ദി പ്രകാശിപ്പിച്ചു. ജനറൽ സെക്രട്ടറി ജോണിക്കുട്ടി പിള്ളവീട്ടിൽ, ജോയിന്റ് സെക്രട്ടറി സിബിൻ വിലങ്ങുകല്ലേൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. പോഷക സംഘടനാ ഭാരവാഹികൾ, കെ.സി.എസിന്റെ മുൻകാല നേതാക്കൻമാർ, സിസ്റ്റർ സിൽവേരിയോസ്, സിസ്റ്റർ ജോവാൻ എന്നിവരുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി. അഞ്ഞൂറിൽ പരം ആളുകൾ പങ്കെടുത്ത സമ്മേളനം രാത്രി 11 മണിയോടുകൂടി സമാപിച്ചു.

Thank you to everyone who came out to Ice Skating! We had an awesome time yesterday, skating around (or at least attempting to) and exploring our great city. Stay tuned for our next exciting event!

SEARCH COMMITTEE FOR NEW KCS BUILING

Cyriac Koovakattil (Chairman)

Justin Thenganatt

Sanju Pulicakathottyil

Philip Puthenpurayil

Alex Mullapallil

അഭിവന്ദ്യ പിതാക്കന്മാരുടെ അനുസ്മരണം ചിക്കാഗോയിൽ ഭക്തിനിർഭരമായി

ക്നാനായ കാത്തിലിക് സൊസൈറ്റിയുടെ പ്രവർത്തനോദ്ഘാടനത്തോടനുബന്ധിച്ച് നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ അനുസ്മരണം ഭക്തിനിർഭരമായി. കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ നിന്നും മൺമറഞ്ഞു പോയ ദൈവദാസൻ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപറമ്പിൽ, മാർ തോമസ് തറയിൽ എന്നീ പിതാക്കന്മാരെ അനുസ്മരിച്ചു കൊണ്ടാണ് കെ.സി.എസിന്റെ വരുന്ന രണ്ടു വർഷത്തെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത്. മോൺ. തോമസ് മുളവനാൽ, ഫാ. എബ്രഹാം മുത്തോലത്ത്, ഫാ. ബോബൻ വട്ടംപുറം എന്നിവർ അനുസ്മരണ പ്രാർത്ഥനക്കും, ശുശ്രൂഷകൾക്കും നേതൃത്വം നൽകി. പ്രാർത്ഥനാശുശ്രൂഷകൾക്കും, സ്നേഹവിരുന്നിലും നൂറു കണക്കിന് ആളുകൾ പങ്കെടുത്തു. ദൈവദാസൻ മാക്കീൽ പിതാവിനെക്കുറിച്ചുള്ള ഡോക്കുമെന്ററി ഏവർക്കും വിജ്ഞാനപ്രദമായി. കെ.സി.എസ് ഭാരവാഹികളായ ബിനു പൂത്തുറയിൽ, സാജു കണ്ണംമ്പള്ളി, ജോണിക്കുട്ടി പിള്ളവീട്ടിൽ, ഷിബു മുളയാനിക്കുന്നേൽ, ഡിബിൻ വിലങ്ങുകല്ലേൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

യുവജനവേദിയുടെ പ്രവർത്തനോദ്ഘാടനം ഉജ്ജ്വലമായി

ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പോക്ഷക സംഘടനയായ ക്നാനായ കാത്തലിക് യുവജനവേദി ഓഫ് ചിക്കാഗോയുടെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 5 ഞായറാഴ്ച ഉജ്ജ്വലമായി നടത്തപ്പെട്ടു. ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ഇടവക ദൈവാലയത്തിൽ യുവജനങ്ങൾക്കു വേണ്ടിയുള്ള വി. കുർബാനയ്ക്ക് ശേഷം ഇടവകയുടെ ഹാളിൽ വെച്ചാണ് പരിപാടികൾ സംഘടിപ്പിച്ചത്. യുവജനവേദിയുടെ പ്രസിഡന്റ് അജോമോൻ പൂത്തുറയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ഇടവക വികാരിയും ക്നാനായ റിജിയൺ ഡയറക്ടറുമായ ഫാ. തോമസ് മുളവനാൽ സംഘടനയുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. ഉണരുന്ന കെ. സി. എസിൽ നിറയുന്ന യുവത്വം എന്ന ആപ്തവാക്യവുമായി. 2017 - 2018 വർഷത്തെ യുവജനവേദിയുടെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യപ്പെട്ട വേദിയിൽ ചിക്കാഗോ കെ. സി. എസ് പ്രസിഡന്റ് ബിനു പൂത്തുറയിൽ, വൈസ് പ്രസിഡന്റ് സാജു കണ്ണമ്പള്ളി, ചിക്കാഗോ സെന്റ് മേരീസ് & സേക്രട്ട് ഹാർട്ട് ഇടവകകളുടെ അസി. വികാരി ഫാ. ബോബൻ വട്ടംപുറത്ത്, യുവജനവേദി അഡ്വൈസേർസ് ലിൻസൺ കൈതമലയിൽ, അരുൺ നെല്ലാമറ്റം, എന്നിവർ പ്രസംഗിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള യുവജനങ്ങളുടെ സന്ദേശങ്ങൾ അടങ്ങിയ വീഡിയോയുടെ പ്രദർശനം പരിപാടിയിൽ ശ്രദ്ധേയമായി. പ്രസിഡന്റ് അജോമോൻ പൂത്തുറയിൽ, വൈസ് പ്രസിഡന്റ് ഗീതു കുറുപ്പംപറമ്പിൽ, സെക്രട്ടറി സിമോണ കൊറ്റംകൊമ്പിൽ, ട്രഷറർ ഷാരു എള്ളങ്കിയിൽ, ജോ. സെക്രട്ടറി ആൽബിൻ പുളിക്കുന്നേൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

NEW PROPOSED KCS COMMUNITY CENTER IN DES PLAINES

ആദരാഞ്ജലികൾ... ആദരാഞ്ജലികൾ... ആദരാഞ്ജലികൾ...

Ancy Baby Akasalayil

Annamma Manjankal

Chacko Thottam

Mary Kavalackal

P.C. Mathew Keeparaputhenpurayil

Marykutty Viruthikulangara

Stephen Pallattumadathil

Annamma Mangatt



Lukose Kozhamplakiel

പ്രത്യേക ശ്രദ്ധയ്ക്ക്

കെസിഎസ് ന്യൂസ് ലെറ്റർ മുടങ്ങാതെ ലഭിക്കുവാൻ അഡ്രസിൽ മാറ്റം ഉണ്ടായാൽ കെസിഎസ് സെക്രട്ടറിയെ അറിയിക്കണം. കെ.സി.എ സിന്റെ ഇ-മെയിൽ കിട്ടാത്തവർ ആ വിവരവും കെസിഎസ് സെക്രട്ടറിയെ അറിയിക്കണം.

വിശദവിവരങ്ങൾക്ക്:
ജോണിക്കുട്ടി പിള്ളവീട്ടിൽ
(സെക്രട്ടറി)
(847) 924-3493
E-mail :-
johnikutty91@yahoo.com

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service
Honest • Reliable
Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

MARATHON Golf & Mt. Prospect
10 W. Golf Rd.
Des Plaines, IL 60016
Phone: (847) 635-7335
Full Service Oil Change Special
$19.99 Most Cars. Plus Tax & Supplies
Includes Oil & Filter Change, Up to 5 Quarts Standard Oil, Standard In Stock. Top Off Under Hood Fluids, Check & Adjust Tire Pressure, Perform 99 Point Safety Inspection
Four Wheel Alignment Special
$49.99 Most Cars. Plus Tax & Supplies
All Parts and Labor Covered by a One Year 12,000 Mile Warranty
Old or New, Domestic or Import, we are your dealership alternative for all your vehicle needs!
CAR CARE SPECIALS

Sams Electrical Service
Residential & Commercial Licensed- Insured Contractor
24 hours Emergency Serivice
E-mail:sanuputhumayil@gmail.com
Sanu Joseph
Tel: (847) 804-4193

ACHIEVE REAL ESTATE GROUP, INC.
FOR ALL YOUR REAL ESTATE NEEDS PLEASE CALL ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056
EMAIL : thomasrealtor557@gmail.com
PLEASE VISIT : www.achieverealtors.com

Sanju Mathew
Mortgage Broker
Cell: 773-599-1816
sanjumathewp@gmail.com
LMS
LINCOLNWOOD MORTGAGE SERVICES INC.
832 E. Rand Rd., Unit 16
Mount Prospect, IL 60056
Office: 847-674-1600
Fax: 847-674-1608
www.lincmort.com
mail@lincmort.com
Hours of Operation
Mon-Fri 9am to 5pm
Sat & Sun by Appointment
Illinois Residential Mortgage Licensee
NMLS (O): 174133 I NMLS (P): 1182672

KCS
KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630

Jaibu Mathew E.A.
Enrolled to Practice Before IRS
7215 W. Touhy, Suite 5, Chicago, IL 60631
Office: 774-792-2117,312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing
* Refund in 24 Hours

Joseph Dental Clinic
611 Milwaukee Ave, Suite 175, Glenview, Il- 60025
Ph: 847 730 3926, Emergency : 773 718 1882
Dr. Mathew Joseph, DDS
(Northwestern Graduate)
New & Convenient Location
Complete Dental Care- Braces
All Insurance Welcome
24 Hour Emergency Service
Discount Available
Affordable Payment Plan

THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
BEST WISHES FROM NEDIYAKALAYIL FAMILY
We Fuel Your Growth
MARATHON VALERO CITGO
www.gasdepot.com

For all your Personal and Business Tax Service

Tomy Nellamattam
619 N MILWAUKEE AVE
SUITE #25
Glenview:IL 60025
Office: 847 486 4112
Cell: 847 302 8556
Fax: 847 724 3247

You Invite the Guests. We Do the Rest
Malabar
Catering & Carryout

WILLIAM GEORGE
911 GREENWOOD ROAD
GLENVIEW,
IL 60025
TEL:847-998-5635
CELL:773-842-5179
E-mail:malabareat@yahoo.com
PROFESSIONALS WITH 13 YEAR EXPERIENCE IN CATERING

St.Marys Petroleum Inc.
960 Rand Rd. Suite 208, Des Plaines, IL 60016
Phone: 847 813 5665, Fax: 847 813 5673
Accelerate Your Journey To Success
bp CITGO Mobil CLARK
For Branding Your Gasoline stations
Cyriac Koovakattil 630 673 3382

ROYAL TRAVEL SERVICE
5428 Main St., Skokie, IL 60077, Tel: (773) 509-9600 Cell: 773-456-4564
E-mail:joseroyaltravel@gmail.com
Kuwait Airways * Air India
* Malaysian, Swiss Air,
British Airways, Lufthansa
Air France, KLM, Singapore Air,
Etihad Airways Etc.
YOUR KNANAYA TRAVEL AGENCY
Conact:
JOSE KORATTIYIL,
JAY KALAYIL

BUYING OR SELLING YOUR HOME?

Jimmy Vachachira, Esq.
Managing Partner
YOU NEED:
Real Estate Closing Attorney
Our Firm has closed over 4,000 transactions, including short sales.
Call Attorney Jimmy at (630) 854-9889
ABRAHAM & SWEENEY
5600 N River Rd., Suite 800
Rosemont, IL 60018
Cell: 630-854-9889
Email: jvacha@abrahamsweeney.com
Website: www.abrahamsweeney.com

Auto
Home, Life
Commercial
Insurance & fianancial Services*
Right coverage at right price. Let us get together and talk about your insurance and financial services' needs.
* Rollovers* * Variable Annuities* * Variable Universal Life Insurance* * Mutual Funds* * 529 College Savings Plans* * IRAs* * Retirement Plans* * 401(k) Plans*
Securities offered through Farmers Financial Solutions, LLC Member FINRA & SIPC
8432 N. Waukegan Rd, Morton Grove, IL 60053
Fax: 847-966-7992
Tel: 847-966-7990
Job Joseph (Job Makil)
Insurance and Financial Services Agent
FARMERS

Family Dental Practice
Wisdom Teeth Extraction, Dental Implant, Osseous Surgery (Gum Surgery)
Cosmetic Dentistry, Root Canal, Bridges, Crowns, Cleaning, Whitening
Dr. Susan Edukutharayil B.D.S., D.D.S
9709 N MIL WAUKEE AVE, GLENVIEW, IL 60025
Phone: 847 581 1418 Fax: 847 581 1445
Most Insurance accepted
Free Consultation,
Emergencies promptly treated